**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **02.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 121** | **മറുപടിക്ക്**

# ബി എസ്-4 സീരീസ് വാഹനങ്ങൾ വാങ്ങിയ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.എസ്-4 എഞ്ചിൻ സീരീസിൽ പ്പെട്ട ഇരുന്നൂറ്റി രണ്ട് പുതിയ ബൊലീറോ വാഹനങ്ങൾ പോലീസ് സേനയുടെ ആവശ്യത്തിനായി വാങ്ങിയിട്ടുണ്ടോ യെന്ന് അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്റ്റേറ്റ് പ്ലാൻ സ്കീം 2018-2019, 2019-20, MoPF സ്കീം 2015-16 എന്നിവയിലുൾപ്പെടുത്തി ബി.എസ്-4 എഞ്ചിൻ സീരീസിൽപ്പെട്ട 403 പുതിയ ബൊലീറോ വാഹനങ്ങൾ പോലീസ് സേനക്കായി വാങ്ങിയിട്ടുണ്ട്. |
| ബി) ബി.എസ്-4 എഞ്ചിൻ സീരീസിൽപ്പെട്ട വാഹനങ്ങൾ വാങ്ങുന്നത് നിരോധിച്ച കൊണ്ട് സുപ്രീം കോടതിയുടെ വിധി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) 2020 ഏപ്രിൽ ഒന്നാം തീയതി മുതൽ ബി.എസ്-4 എഞ്ചിൻ സീരീസിൽപ്പെട്ട വാഹനങ്ങൾ വിൽക്കുന്നതും, രജിസ്റ്റർ ചെയ്യുന്നതും ബഹു. സുപ്രീം കോടതി നിരോധിച്ചിട്ടുണ്ട്. |
| സി) വായു മലിനീകരണ സാധ്യത കൂടുതലുള്ള പ്രസ്തുത ഇനം വാഹനങ്ങൾ 2020 ഏപ്രിൽ മാസത്തിനു ശേഷം വിൽപ്പന നടത്തരുതെന്ന കേന്ദ്ര ഗതാഗത വകുപ്പിന്റെ നിർദ്ദേശം നിലവിലിരിക്കെ, ഉത്തരവ് നടപ്പാക്കാൻ ആഴ്ചകൾ മാത്രം അവശേഷിക്കുമ്പോൾ, ഈ സീരീസിൽ പ്പെട്ട വാഹനങ്ങൾ വാങ്ങിക്കൂട്ടിയതിൽ ദുരൂഹതയുണ്ട് എന്ന് വിലയിരുത്തിയി ട്ടുണ്ടോ;<br>ഡി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | സി) യും ഡി) യും ഈ വാഹനങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടൽ വഴി 25.11.2019ന് നൽകിയ സപ്ലൈ ഓർഡർ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ